ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (2)

ദൂത് പന്ത്രണ്ട്

# വരങ്ങളുടെ ദാതാവും ദൈവത്തിന്റെ ആയുധവർഗത്തിന്റെ ഘടകാംശങ്ങളും

EM *Hymns*: ML404, ML468

തിരുവെഴുത്ത് വായന: എഫെ. 4:7-16; 6:10-20

എഫെ. 4:7 എന്നാൽ നമ്മിൽ ഓരോരുത്തർക്കും ക്രിസ്തുവിന്റെ വരത്തിന്റെ അളവിനൊത്തവണ്ണം കൃപ നൽകിയിരിക്കുന്നു.

എഫെ. 4:8 അതുകൊണ്ട് തിരുവെഴുത്ത് പറയുന്നു, "അവൻ ഉയരത്തിലേക്ക് ആരോഹണം ചെയ്ത്, ബദ്ധന്മാരായി എടുത്തവരെ ബദ്ധരാക്കി നയിച്ച് മനുഷ്യർക്ക് വരങ്ങളെ കൊടുത്തു."

എഫെ. 4:9 ("അവൻ ആരോഹണം ചെയ്തു," എന്നത് അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്തു എന്നല്ലാതെ എന്താകുന്നു?

എഫെ. 4:10 ഇറങ്ങിച്ചെന്നവൻ സകലത്തെയും നിറയ്ക്കേണ്ടതിന് സ്വർഗാധിസ്വർഗത്തിനും അത്യന്തംമീതെ ആരോഹണം ചെയ്തവൻ ആകുന്നു.)

എഫെ. 4:11 അവൻതന്നെ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരും ഉപദേഷ്ടാക്കന്മാരായും നൽകി,

എഫെ. 4:12 അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം,

എഫെ. 4:13 ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,

എഫെ. 4:14 അത് നാം ഇനിമേൽ തിരകളാൽ ഉലയുകയും, തെറ്റിന്റെ വ്യവസ്ഥിതിയുടെ വീക്ഷണത്തോടെ കൗശലത്താൽ, മനുഷ്യരുടെ ഉപായത്താലുള്ള ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുകയും ചെയ്യുന്ന ശിശുക്കൾ ആകാതെ,

എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

എഫെ. 6:10 ഒടുവിൽ, കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും, ശക്തിപ്പെടുവിൻ.

എഫെ. 6:11 പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ.

എഫെ. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

എഫെ. 6:13 അതുകൊണ്ട് ദുഷ്ട നാളിൽ ചെറുത്തുനിൽക്കുവാനും, സകലതും ചെയ്തശേഷം നിങ്ങൾക്കു നിൽക്കുവാനും കഴിയേണ്ടതിന്, ദൈവത്തിന്റെ സർവായുധവർഗം എടുക്കുവിൻ.

എഫെ. 6:14 അതുകൊണ്ട്, സത്യത്താൽ നിങ്ങളുടെ അരകെട്ടിയും നീതിയുടെ മാർകവചം ധരിച്ചും,

എഫെ. 6:15 സമാധാന സുവിശേഷത്തിന്റെ ഉറച്ച അടിസ്ഥാനം കൊണ്ട് നിങ്ങളുടെ പാദങ്ങൾക്ക് ചെരിപ്പിട്ടും,

എഫെ. 6:16 ഇവയ്ക്കു പുറമേ, ദുഷ്ടന്റെ സകല തീയമ്പുകളെയും കെടുത്തുവാൻ കഴിയുന്ന, വിശ്വാസത്തിന്റെ പരിച എടുത്തും നിൽക്കുവിൻ,

എഫെ. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

എഫെ. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

എഫെ. 6:19 എനിക്കും വേണ്ടി, സുവിശേഷത്തിന്റെ മർമം ധൈര്യത്തോടെ അറിയിക്കുവാൻ എന്റെ വായ് തുറക്കുമ്പോൾ, എനിക്ക് ഉച്ചാരണം ലഭിക്കേണ്ടതിന് അപേക്ഷിക്കുവിൻ,

എഫെ. 6:20 അതിനായി ഞാൻ ചങ്ങലയിൽ ഒരു സ്ഥാനപതി ആകുന്നു, അതിൽ ഞാൻ സംസാരിക്കേണ്ടതുപോലെ ധൈര്യമായി സംസാരിക്കുവാൻ തന്നെ.

**I. എഫെസ്യർ 4:7-16 ക്രിസ്തുവിന്റെ ജൈവികശരീരത്തിന്റെ ആന്തസ്തിത കെട്ടുപണിക്കുവേണ്ടിയുള്ള വരങ്ങളുടെ ദാതാവായി നമുക്ക് ക്രിസ്തുവിനെ അവതരിപ്പിക്കുന്നു; ഈ കെട്ടുപണി ക്രിസ്തുവിന്റെ വരത്തിന്റെ അളവിനൊത്തവണ്ണം ദിവ്യകൃപ നൽകുന്നതിലൂടെയും പകരുന്നതിലൂടെയുമാണ്.**

Eph 4:7-16 be omitted.

A. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും ശരീരത്തിന് ഒഴിച്ചുകൂടാനാവാത്ത വരമാണ്—വാ. 7; 1 കൊരി. 12:14-22; റോമ. 12:4-5:

എഫെ. 4:7 എന്നാൽ നമ്മിൽ ഓരോരുത്തർക്കും ക്രിസ്തുവിന്റെ വരത്തിന്റെ അളവിനൊത്തവണ്ണം കൃപ നൽകിയിരിക്കുന്നു.

1 കൊരി. 12:14 ശരീരം ഒരു അവയവം അല്ല, പലതത്രേ.

1 കൊരി. 12:15 ഞാൻ കൈ അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് കാൽ പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നു വരുന്നില്ല.

1 കൊരി. 12:16 ഞാൻ കണ്ണ് അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് ചെവി പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നും വരുന്നില്ല.

1 കൊരി. 12:17 ശരീരം മുഴുവൻ കണ്ണ് എങ്കിൽ കേൾവി എവിടെ? ശരീരം

മുഴുവൻ കേൾവി എങ്കിൽ, ഘ്രാണം എവിടെ?

1 കൊരി. 12:18 എന്നാൽ ഇപ്പോൾ ദൈവം അവയവങ്ങളെ, ഓരോന്നായി, അവൻ ഇച്ഛിച്ചതുപോലെ ശരീരത്തിൽ ആക്കിവച്ചിരിക്കുന്നു.

1 കൊരി. 12:19 എല്ലാം ഒരു അവയവം ആയിരുന്നു എങ്കിൽ, ശരീരം എവിടെ?

1 കൊരി. 12:20 എന്നാൽ ഇപ്പോൾ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നത്രേ.

1 കൊരി. 12:21 കണ്ണിന് കൈയ്യോട്, എനിക്ക് നിന്റെ ആവശ്യമില്ല എന്നും; അതുപോലെ തലയ്ക്ക് കാലുകളോട്, എനിക്ക് നിങ്ങളുടെ ആവശ്യമില്ല എന്നും പറയുവാൻ കഴിയില്ല.

1 കൊരി. 12:22 എന്നാൽ ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങളും ആവശ്യമുള്ളവ ആകുന്നു.

റോമ. 12:4 ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ,

റോമ. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

1. ക്രിസ്തുവിന്റെ വരം ദിവ്യ ത്രിത്വത്താൽ ഒരുവനിലേക്ക് പകരപ്പെട്ട ക്രിസ്തുവിന്റെ ജീവനാലും മൂലകത്താലും സംരചിരിക്കപ്പെട്ട ഒരു വ്യക്തിയാണ്—പ്ര.നി. 2 കൊരി. 1:15.

    2 കൊരി. 1:15 ഈ നിശ്ചയത്തിൽ നിങ്ങൾക്ക് ഇരട്ടി കൃപ ഉണ്ടാകേണ്ടതിന്, ഞാൻ മുമ്പേ നിങ്ങളുടെ അടുക്കൽ വരുവാനും,

2. ഓരോ വരപ്രാപ്തനായ വ്യക്തിക്കും ഒരു അളവുണ്ട്, ആ അളവനുസരിച്ചാണ് അവനിലേക്ക് ദിവ്യ കൃപ നൽകപ്പെടുന്നതും പകരപ്പെടുന്നതും—എഫെ. 4:16; പ്ര.നി. റോമ. 12:3.

    എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

    റോമ. 12:3 ഭാവിക്കേണ്ടതിന് മീതെ തന്നെത്താൻ ഭാവിക്കാതെ, സുബോധമാകുംവണ്ണം, ദൈവം ഓരോരുത്തന് വിശ്വാസത്തിന്റെ അളവ് പകുത്തുനൽകിയിരിക്കുന്നതുപോലെ ഭാവിക്കണമെന്ന് എനിക്ക് നൽകിയിരിക്കുന്ന കൃപയിലൂടെ, നിങ്ങളിൽ ഓരോരുത്തനോടും ഞാൻ പറയുന്നു.

B. ദിവ്യ ത്രിത്വത്തിന്റെ പകർച്ചയാൽ സംരചിക്കപ്പെട്ട അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ തുടങ്ങിയ വരപ്രാപ്തരായ വ്യക്തികളെ തന്റെ ആരോഹണത്തിൽ (അവന്റെ പുനരുത്ഥാനം ഉൾപ്പെടെ) തലയായ ക്രിസ്തുവിനാൽ അവന്റെ ശരീരത്തിന് നൽകുന്നതിലൂടെയാണ് ക്രിസ്തുവിന്റെ ജൈവിക ശരീരത്തിന്റെ ആന്തഃസ്തിത കെട്ടുപണി നടക്കുന്നത്—എഫെ. 4:8-12:

എഫെ. 4:8 അതുകൊണ്ട് തിരുവെഴുത്ത് പറയുന്നു, “അവൻ ഉയരത്തിലേക്ക് ആരോഹണം ചെയ്ത്, ബദ്ധന്മാരായി

എടുത്തവരെ ബദ്ധരാക്കി നയിച്ച് മനുഷ്യർക്ക് വരങ്ങളെ കൊടുത്തു."

എഫെ. 4:9 ("അവൻ ആരോഹണം ചെയ്തു," എന്നത് അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്തു എന്നല്ലാതെ എന്താകുന്നു?

എഫെ. 4:10 ഇറങ്ങിച്ചെന്നവൻ സകലത്തെയും നിറയ്ക്കേണ്ടതിന് സ്വർഗാധിസ്വർഗത്തിനും അത്യന്തംമീതെ ആരോഹണം ചെയ്തവൻ ആകുന്നു.)

എഫെ. 4:11 അവൻതന്നെ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരും ഉപദേഷ്ടാക്കന്മാരായും നൽകി,

എഫെ. 4:12 അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം,

1. എഫെസ്യർ 4:8 പറയുന്നു, "അവൻ ഉയരത്തിലേക്ക് ആരോഹണം ചെയ്ത്, ബദ്ധന്മാരായി എടുത്തവരെ ബദ്ധരാക്കി നയിച്ച് മനുഷ്യർക്ക് വരങ്ങളെ കൊടുത്തു":
   a. സങ്കീർത്തനം 68:18-ൽ നിന്നുള്ള ഉദ്ധരണിയിലെ *ഉയരം* സീയോൻ പർവതത്തെ സൂചിപ്പിക്കുന്നു (വാ. 15-16), അത് ദൈവം വസിക്കുന്ന മൂന്നാം സ്വർഗത്തെ പ്രതീകവൽക്കരിക്കുന്നു (1 രാജാ. 8:30).

      സങ്കീ. 68:18 നീ ഉയരത്തിലേക്കു കയറി, ബദ്ധന്മാരെ പിടിച്ചു കൊണ്ടുപോയി; യാഹ് എന്ന ദൈവം അവിടെ വസിക്കേണ്ടതിന്നു നീ മനുഷ്യരോടു, മത്സരികളോടു തന്നേ, കാഴ്ച വാങ്ങിയിരിക്കുന്നു.

      സങ്കീ. 68:15 ബാശാൻപർവ്വതം ദൈവത്തിന്റെ പർവ്വതം ആകുന്നു. ബാശാൻപർവ്വതം കൊടുമുടികളേറിയ പർവ്വതമാകുന്നു.

      സങ്കീ. 68:16 കൊടുമുടികളേറിയ പർവ്വതങ്ങളേ, ദൈവം വസിപ്പാൻ ഇച്ഛിച്ചിരിക്കുന്ന പർവ്വതത്തെ നിങ്ങൾ സ്പർദ്ധിച്ചുനോക്കുന്നതു എന്തു? യഹോവ അതിൽ എന്നേക്കും വസിക്കും.

      1 രാജാ. 8:30 ഈ സ്ഥലത്തുവെച്ചു പ്രാർത്ഥിപ്പാനിരിക്കുന്ന അടിയന്റെയും നിന്റെ ജനമായ യിസ്രായേലിന്റെയും യാചന കേൾക്കേണമേ. നിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽ കേൾക്കേണമേ; കേട്ടു ക്ഷമിക്കേണമേ.

   b. സങ്കീർത്തനം 68 സൂചിപ്പിക്കുന്നത് പെട്ടകം വിജയം കൈവരിച്ചശേഷം ദൈവം സീയോൻ പർവതത്തിലേക്ക് ആരോഹണം ചെയ്തത് പെട്ടകത്തിലായിരുന്നു എന്നാണ് (സംഖ്യാ. 10:35); ക്രിസ്തു എപ്രകാരം വിജയം നേടിയെന്നും സ്വർഗത്തിലേക്ക് ജയഘോഷത്തോടെ ആരോഹണം ചെയ്തുവെന്നും ഇത് ചിത്രീകരിക്കുന്നു.

      Psa 68 be omitted.

      സംഖ്യ. 10:35 പെട്ടകം പുറപ്പെടുമ്പോൾ മോശെ: യഹോവേ,

എഴുന്നേൽക്കേണമേ; നിന്റെ ശത്രുക്കൾ ചിതറുകയും നിന്നെ പകെക്കുന്നവർ നിന്റെ മുമ്പിൽനിന്നു ഓടിപ്പോകയും ചെയ്യട്ടെ എന്നു പറയും.

c. തന്റെ സാർവത്രിക ഗതാഗതത്തിലൂടെയും തന്റെ സ്വർഗാരോഹണത്തിലും, സാത്താൽ ബദ്ധന്മാരാക്കിയവരെ ക്രിസ്തു ബദ്ധന്മാരായി നയിക്കുകയും അവരെ തന്റെ ശരീരത്തിന് വരങ്ങളാക്കുകയും ചെയ്തു—എഫെ. 4:8-11:

| | |
|---|---|
| എഫെ. 4:8 | അതുകൊണ്ട് തിരുവെഴുത്ത് പറയുന്നു, "അവൻ ഉയരത്തിലേക്ക് ആരോഹണം ചെയ്ത്, ബദ്ധന്മാരായി എടുത്തവരെ ബദ്ധരാക്കി നയിച്ച് മനുഷ്യർക്ക് വരങ്ങളെ കൊടുത്തു." |
| എഫെ. 4:9 | ("അവൻ ആരോഹണം ചെയ്തു," എന്നത് അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്തു എന്നല്ലാതെ എന്താകുന്നു? |
| എഫെ. 4:10 | ഇറങ്ങിച്ചെന്നവൻ സകലത്തെയും നിറയ്ക്കേണ്ടതിന് സ്വർഗാധിസ്വർഗത്തിനും അത്യന്തംമീതെ ആരോഹണം ചെയ്തവൻ ആകുന്നു.) |
| എഫെ. 4:11 | അവൻതന്നെ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരും ഉപദേഷ്ടാക്കന്മാരായും നൽകി, |

1) വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളാൽ രക്ഷിക്കപ്പെടുന്നതിന് മുമ്പ് സാത്താനാൽ ബദ്ധന്മാരായിരുന്നു—പ്ര.നി. ലൂക്കൊ. 4:18.

| | |
|---|---|
| ലൂക്കൊ. 4:18 | "ദരിദ്രരോടു സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കയാൽ, കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; തടവുകാർക്കു വിടുതൽ പ്രഖ്യാപിക്കുവാനും, കുരുടന്മാർക്കു കാഴ്ച പ്രത്യുദ്ധരിക്കുവാനും, പീഡിതരെ വിടുതലോടെ അയയ്ക്കുവാനും അവൻ എന്നെ അയച്ചിരിക്കുന്നു, |

2) തന്റെ സ്വർഗാരോഹണത്തിൽ ക്രിസ്തു അവരെ ബദ്ധന്മാരാക്കി; അതായത്, അവൻ അവരെ സാത്താന്റെ അടിമത്തത്തിൽനിന്ന് വിടുവിച്ച് തന്നിലേക്ക് കൂട്ടിക്കൊണ്ടുപോയി—സങ്കീ. 68:18.

| | |
|---|---|
| സങ്കീ. 68:18 | നീ ഉയരത്തിലേക്കു കയറി, ബദ്ധന്മാരെ പിടിച്ചു കൊണ്ടുപോയി; യാഹ് എന്ന ദൈവം അവിടെ വസിക്കേണ്ടതിന്നു നീ മനുഷ്യരോടു, മത്സരികളോടു തന്നേ, കാഴ്ച വാങ്ങിയിരിക്കുന്നു. |

3) തന്റെ ആരോഹണത്തിൽ ക്രിസ്തു അവരെ തന്റെ ബദ്ധന്മാരെന്ന നിലയിൽ പരാജിതരായ വൈരികളെ സ്വർഗത്തിലേക്ക്

നയിക്കുകയും അവരെ തന്റെ ശരീരത്തിന് വരങ്ങളാക്കുകയും ചെയ്തു.

4) ഇപ്പോൾ ക്രിസ്തു തന്റെ ആരോഹണത്തിൽ പരാജിതരായ വൈരികളുടെ മേൽ ജയോത്സവം കൊണ്ടാടുകയും, അവരെ തന്റെ ശരീരം കെട്ടുപണിചെയ്യുന്നതിന് തന്റെ ശുശ്രൂഷയ്ക്കുവേണ്ടിയുള്ള തന്റെ നീക്കത്തിൽ അവരെ തന്റെ ബദ്ധന്മാരാക്കി ഒരു ജയോത്സവ ഘോഷയാത്രയിൽ നയിക്കുന്നു—2 കൊരി. 2:14.

2 കൊരി. 2:14 എന്നാൽ ഞങ്ങളെ ക്രിസ്തുവിൽ എല്ലായ്പ്പോഴും ജയോത്സവത്തിൽ നടത്തുകയും ഞങ്ങളിലൂടെ എല്ലായിടത്തും അവന്റെ പരിജ്ഞാനത്തിന്റെ വാസന വെളിവാക്കുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം.

2. നമ്മെ പിടിച്ചടക്കിയും പരാജയപ്പെടുത്തിയും കൊണ്ട് ക്രിസ്തു എത്രയധികം നമ്മുടെ ഉള്ളിൽ ആരോഹണം ചെയ്യുകയും ഇറങ്ങുകയും ചെയ്യുമോ, അത്രയധികം നമ്മെ അവന്റെ ശരീരത്തിനുള്ള വരങ്ങളായി സംരചിക്കുവാൻ അവൻ അവനെക്കൊണ്ടുതന്നെ നമ്മെ നിറയ്ക്കുന്നു—പ്ര.നി. എഫെ. 4:9-10.

എഫെ. 4:9 ("അവൻ ആരോഹണം ചെയ്തു," എന്നത് അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്തു എന്നല്ലാതെ എന്താകുന്നു?

എഫെ. 4:10 ഇറങ്ങിച്ചെന്നവൻ സകലത്തെയും നിറയ്ക്കേണ്ടതിന് സ്വർഗാധിസ്വർഗത്തിനും അത്യന്തംമീതെ ആരോഹണം ചെയ്തവൻ ആകുന്നു.)

C. എല്ലാ വിശുദ്ധന്മാർക്കും പുതിയനിയമ ശുശ്രൂഷയുടെ വേല ചെയ്യാൻ, അതായത് ക്രിസ്തുവിന്റെ ശീരരം കെട്ടുപണിചെയ്യുവാൻ കഴിയേണ്ടതിന്, ക്രിസ്തുവിന്റെ ജൈവിക ശീരരത്തിന്റെ അന്തഃസ്ഥിത കെട്ടുപണി വരപ്രാപ്തരായ വ്യക്തികൾ ദിവ്യ പകർച്ചയിൽ വിശുദ്ധന്മാരെ തികഞ്ഞവരാക്കുന്നതിലൂടെയാണ്—വാ. 11-12:

എഫെ. 4:11 അവൻതന്നെ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരും ഉപദേഷ്ടാക്കന്മാരായും നൽകി,

എഫെ. 4:12 അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം,

1. വരപ്രാപ്തരായ വ്യക്തികൾ വിശുദ്ധന്മാരെ അവരുടെ ജീവന്റെ വളർച്ചയ്ക്കായി ജീവസഹായത്തോടുകൂടെ ജീവവൃക്ഷത്തിനൊത്തവണ്ണം അവരെ പോഷിപ്പിച്ചുകൊണ്ട് തികഞ്ഞവരാക്കുന്നു—ഉല്പ. 2:9; 1 കൊരി. 3:2, 6.

ഉല്പ. 2:9 കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ

| | |
|---|---|
| | ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളെപ്പിച്ചു. |
| 1 കൊരി. 3:2 | കട്ടിയുള്ള ആഹാരമല്ല പാൽ അത്രേ ഞാൻ നിങ്ങൾക്ക് കുടിക്കുവാൻ തന്നത്, എന്നിട്ടും നിങ്ങൾക്ക് അത് സ്വീകരിക്കുവാൻ കഴിഞ്ഞില്ല. ഇപ്പോഴും നിങ്ങൾക്കു കഴിയുന്നില്ല, |
| 1 കൊരി. 3:6 | ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്. |

2. ക്രിസ്തുവിന്റെ ശരീരത്തിന്റെ നേരിട്ടുള്ള കെട്ടുപണിക്കായി തങ്ങൾ ചെയ്യുന്നത് ചെയ്യുവാൻ തക്കവണ്ണം വരപ്രാപ്തരായ വ്യക്തികൾ വിശുദ്ധന്മാരെ തികഞ്ഞവരാക്കുന്നു—മത്താ. 16:18; എഫെ. 4:11-12; പ്ര.നി. 1 തിമൊ. 1:16; 4:12.

| | |
|---|---|
| മത്താ. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. |
| എഫെ. 4:11 | അവൻതന്നെ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരും ഉപദേഷ്ടാക്കന്മാരായും നൽകി, |
| എഫെ. 4:12 | അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം, |
| 1 തിമൊ. 1:16 | എന്നാൽ നിത്യജീവങ്കലേക്ക് അവന്മേൽ വിശ്വസിക്കുവാനിരിക്കുന്നവർക്ക് ഒരു മാതൃകയ്ക്കായി യേശു ക്രിസ്തു തന്റെ സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ പ്രദർശിപ്പിക്കേണ്ടതിന് എന്നോടു കരുണ കാണിച്ചു. |
| 1 തിമൊ. 4:12 | ആരും നിന്റെ യൗവനത്തെ നിന്ദിക്കാതിരിക്കട്ടെ, വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമലതയിലും വിശ്വാസികൾക്ക് ഒരു മാതൃക ആയിരിക്കുക. |

3. ഈ തികവിന്റെ ഫലം എന്നത്, നാമെല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്കും, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്കും, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്കും എത്തിച്ചേരും എന്നതാകുന്നു—4:12; പ്ര.നി. യോഹ. 17:23.

| | |
|---|---|
| എഫെ. 4:13 | ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, |

ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,

യോഹ. 17:23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

4. ഈ തികവ് നമ്മെ ഇനിമേൽ തിരകളാൽ ഉലയുകയും, തെറ്റിന്റെ സാത്താന്യ വ്യവസ്ഥിതിയുടെ വീക്ഷണത്തോടെ കൗശലത്താൽ, മനുഷ്യരുടെ ഉപായത്താലുള്ള ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുകയും ചെയ്യുന്ന ശിശുക്കൾ ആകാതിരിക്കുവാൻ ഇടയാക്കുന്നു—എഫെ. 4:14.

എഫെ. 4:14 അത് നാം ഇനിമേൽ തിരകളാൽ ഉലയുകയും, തെറ്റിന്റെ വ്യവസ്ഥിതിയുടെ വീക്ഷണത്തോടെ കൗശലത്താൽ, മനുഷ്യരുടെ ഉപായത്താലുള്ള ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുകയും ചെയ്യുന്ന ശിശുക്കൾ ആകാതെ,

5. ഈ തികവ്—തലയിലേക്ക് വളരുകയും തലയിൽനിന്ന് പ്രവർത്തിക്കുകയും ചെയ്യുന്ന—ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവത്തെയും സ്നേഹത്തിൽ കെട്ടുപണി ചെയ്യുന്ന ഒരു അവയവമാകുവാൻ ഇടയാക്കും—വാ. 15-16.

എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

**II. ക്രിസ്തു ദൈവത്തിന്റെ ആയുധവർഗത്തിന്റെ ഘടകാംശങ്ങളാകുന്നു എന്ന് എഫെസ്യർ 6:10-20 വെളിപ്പെടുത്തുന്നു:**

എഫെ. 6:10 ഒടുവിൽ, കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും, ശക്തിപ്പെടുവിൻ.

എഫെ. 6:11 പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ.

എഫെ. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

എഫെ. 6:13 അതുകൊണ്ട് ദുഷ്ട നാളിൽ ചെറുത്തുനിൽക്കുവാനും, സകലതും ചെയ്തശേഷം നിങ്ങൾക്കു നിൽക്കുവാനും കഴിയേണ്ടതിന്,

ദൈവത്തിന്റെ സർവായുധവർഗം എടുക്കുവിൻ.

| | |
|---|---|
| എഫെ. 6:14 | അതുകൊണ്ട്, സത്യത്താൽ നിങ്ങളുടെ അരകെട്ടിയും നീതിയുടെ മാർകവചം ധരിച്ചും, |
| എഫെ. 6:15 | സമാധാന സുവിശേഷത്തിന്റെ ഉറച്ച അടിസ്ഥാനം കൊണ്ട് നിങ്ങളുടെ പാദങ്ങൾക്ക് ചെരിപ്പിട്ടും, |
| എഫെ. 6:16 | ഇവയ്ക്കു പുറമേ, ദുഷ്ടന്റെ സകല തീയമ്പുകളെയും കെടുത്തുവാൻ കഴിയുന്ന, വിശ്വാസത്തിന്റെ പരിച എടുത്തും നിൽക്കുവിൻ, |
| എഫെ. 6:17 | രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു, |
| എഫെ. 6:18 | സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും, |
| എഫെ. 6:19 | എനിക്കും വേണ്ടി, സുവിശേഷത്തിന്റെ മർമം ധൈര്യത്തോടെ അറിയിക്കുവാൻ എന്റെ വായ് തുറക്കുമ്പോൾ, എനിക്ക് ഉച്ചാരണം ലഭിക്കേണ്ടതിന് അപേക്ഷിക്കുവിൻ, |
| എഫെ. 6:20 | അതിനായി ഞാൻ ചങ്ങലയിൽ ഒരു സ്ഥാനപതി ആകുന്നു, അതിൽ ഞാൻ സംസാരിക്കേണ്ടതുപോലെ ധൈര്യമായി സംസാരിക്കുവാൻ തന്നെ. |

A. ദൈവത്തിന്റെ സർവായുധവർഗം സംഘാത യോദ്ധാവെന്ന നിലയിൽ ക്രിസ്തുവിന്റെ മുഴുവൻ ശരീരത്തിനും വേണ്ടിയുള്ളതാണ്, ശരീരത്തിലെ ഏതെങ്കിലും വ്യക്തിഗത അംഗത്തിന് വേണ്ടിയുള്ളതല്ല; നാം ശരീരത്തിലാണ് ആത്മിക യുദ്ധം പോരാടുന്നത്, വ്യക്തികളെന്ന നിലയിലല്ല—വാ. 10-13; യാക്കോ. 4:7; പ്ര.നി. റോമ. 13:12-14; ആവ. 32:30.

| | |
|---|---|
| എഫെ. 6:10 | ഒടുവിൽ, കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും, ശക്തിപ്പെടുവിൻ. |
| എഫെ. 6:11 | പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ. |
| എഫെ. 6:12 | എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു. |
| എഫെ. 6:13 | അതുകൊണ്ട് ദുഷ്ട നാളിൽ ചെറുത്തുനിൽക്കുവാനും, സകലതും ചെയ്തശേഷം നിങ്ങൾക്കു നിൽക്കുവാനും കഴിയേണ്ടതിന്, ദൈവത്തിന്റെ സർവായുധവർഗം എടുക്കുവിൻ. |
| യാക്കോ. 4:7 | അതുകൊണ്ട് ദൈവത്തിനു കീഴ്പ്പെടുവിൻ; എന്നാൽ പിശാചിനെ ചെറുത്തുനിൽക്കുവിൻ, അവൻ നിങ്ങളെ വിട്ടോടും. |
| റോമ. 13:12 | രാത്രി ഏറെയായും പകൽ സമീപിച്ചുമിരിക്കുന്നു. അതുകൊണ്ട് നമുക്ക് ഇരുട്ടിന്റെ പ്രവൃത്തികൾ ഉരിഞ്ഞുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധങ്ങൾ ധരിക്കാം. |
| റോമ. 13:13 | നമുക്ക് പകലിൽ എന്നപോലെ ഉചിതമാംവണ്ണം നടക്കാം; കൂത്താട്ടത്തിലും മദ്യപാനത്തിലും അല്ല, പരസംഗത്തിലും ദുർന്നടപ്പിലും അല്ല, പോരിലും അസൂയയിലും അല്ല. |

റോമ. 13:14 കർത്താവായ യേശു ക്രിസ്തുവിനെ ധരിച്ചുകൊള്ളുവിൻ, ജഡത്തിന് അതിന്റെ മോഹങ്ങളെ നിവർത്തിക്കുവാൻ അവസരം നൽകരുത്.

ആവ. 32:30 അവരുടെ പാറ അവരെ വിറ്റുകളകയും യഹോവ അവരെ ഏല്പിച്ചുകൊടുക്കയും ചെയ്തിട്ടല്ലാതെ ഒരുവൻ ആയിരംപേരെ പിന്തുടരുന്നതും ഇരുവർ പതിനായിരംപേരെ ഓടിക്കുന്നതുമെങ്ങനെ?

B. എഫെസ്യർ 2-ൽ നാം ക്രിസ്തുവിന്റെ എല്ലാ നേട്ടങ്ങളിലും പങ്കുകൊള്ളുവാൻ സ്വർഗത്തിൽ അവനോടുകൂടെ ഇരിക്കുന്നു (വാ. 6); 4-ഉം 5-ഉം അധ്യായങ്ങളിൽ, ദൈവത്തിന്റെ നിത്യോദ്ദേശ്യം നിറവേറ്റുന്നതിനായി നാം അവന്റെ ശരീരത്തിൽ ഭൂമിയിൽ നടക്കുന്നു (4:1, 17; 5:2, 8, 15); തുടർന്ന് അധ്യായം 6-ൽ ദൈവത്തിന്റെ ശത്രുവിനെതിരെ പോരാടുവാൻ നാം സ്വർഗീയങ്ങളിൽ അവന്റെ ശക്തിയിൽ നിൽക്കുന്നു (വാ. 11, 13-14; പ്ര.നി. 1 യോഹ. 5:4, 18; യോഹ. 3:6).

Eph 2 be omitted.

എഫെ. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

എഫെ. 4:1 ആകയാൽ കർത്താവിൽ തടവുകാരനായ ഞാൻ, നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായി നടക്കുവാൻ നിങ്ങളോട് അപേക്ഷിക്കുന്നു,

എഫെ. 4:17 അതുകൊണ്ട് കർത്താവിൽ ഞാൻ പറയുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നത്, ജാതികൾ തങ്ങളുടെ മനസ്സിന്റെ വ്യർഥതയിൽ നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്.

എഫെ. 5:2 ക്രിസ്തുവും നമ്മെ സ്നേഹിച്ച്, നമുക്കുവേണ്ടി ദൈവത്തിന് സൗരഭ്യവാസനയുള്ള വഴിപാടും യാഗവുമായി തന്നെത്താൻ ഏൽപ്പിച്ചതുപോലെ, സ്നേഹത്തിൽ നടക്കുവിൻ.

എഫെ. 5:8 എന്തെന്നാൽ ഒരിക്കൽ നിങ്ങൾ ഇരുളായിരുന്നു, എന്നാൽ ഇപ്പോൾ കർത്താവിൽ വെളിച്ചം ആകുന്നു;

എഫെ. 5:15 ആകയാൽ നിങ്ങൾ നടക്കുന്നത് എങ്ങനെ എന്ന് സൂക്ഷിച്ചുകൊള്ളുവിൻ,

എഫെ. 6:11 പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ.

എഫെ. 6:13 അതുകൊണ്ട് ദുഷ്ട നാളിൽ ചെറുത്തുനിൽക്കുവാനും, സകലതും ചെയ്തശേഷം നിങ്ങൾക്കു നിൽക്കുവാനും കഴിയേണ്ടതിന്, ദൈവത്തിന്റെ സർവായുധവർഗം എടുക്കുവിൻ.

എഫെ. 6:14 അതുകൊണ്ട്, സത്യത്താൽ നിങ്ങളുടെ അരകെട്ടിയും നീതിയുടെ മാർകവചം ധരിച്ചും,

1 യോഹ. 5:4 ദൈവത്തിൽനിന്ന്, ജനിച്ചിരിക്കുന്നതെല്ലാം ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസംതന്നെ.

1 യോഹ. 5:18 ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നവൻ ആരും പാപം

ചെയ്യുന്നില്ല എന്നു നാം അറിയുന്നു, ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നവൻ തന്നെത്താൻ കാക്കുന്നു, ദുഷ്ടൻ അവനെ തൊടുന്നതുമില്ല.

യോഹ. 3:6 ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

C. "അതുകൊണ്ട് സത്യത്താൽ നിങ്ങളുടെ അരകെട്ടിയും"—എഫെ. 6:14:

1. ഇവിടെ *സത്യം* എന്നത് നമ്മുടെ ജീവിതത്തിലെ യാഥാർഥ്യമെന്ന നിലയിൽ ക്രിസ്തുവിലുള്ള ദൈവത്തെ സൂചിപ്പിക്കുന്നു, അതായത്, നമ്മുടെ ജീവിതത്തിൽ നാം സാക്ഷാൽകരിക്കുകയും അനുഭവമാക്കുകയും ചെയ്ത ദൈവം; ഇത് വാസ്തവത്തിൽ നാം ജീവിച്ചുവെളിപ്പെടുത്തുന്ന ക്രിസ്തു തന്നെയാണ്—4:15, 21, 24-25; യോഹ. 14:6; 8:31-32, 36.

എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

എഫെ. 4:21 നിങ്ങൾ ക്രിസ്തുവിനെ ഇങ്ങനെയല്ല പഠിച്ചത്,

എഫെ. 4:24 യാഥാർഥ്യത്തിന്റെ നീതിയിലും വിശുദ്ധിയിലും ദൈവാനുസൃതമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുകയും ചെയ്യുവിൻ.

എഫെ. 4:25 അതിനാൽ കളവിനെ ഉരിഞ്ഞു കളഞ്ഞിട്ട്, ഓരോരുത്തനും തന്റെ അയൽക്കാരനോട് സത്യം സംസാരിക്കുവിൻ, നാം അന്യോന്യം അവയവങ്ങൾ ആകുന്നുവല്ലോ.

യോഹ. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

യോഹ. 8:31 അപ്പോൾ തന്നെ വിശ്വസിച്ച യെഹൂദന്മാരോട് യേശു, നിങ്ങൾ എന്റെ വചനത്തിൽ വസിക്കുന്നുവെങ്കിൽ, നിങ്ങൾ സത്യമായും എന്റെ ശിഷ്യന്മാരാകുന്നു.

യോഹ. 8:32 നിങ്ങൾ സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നു പറഞ്ഞു.

യോഹ. 8:36 അതുകൊണ്ട്, പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കുന്നു എങ്കിൽ, നിങ്ങൾ വാസ്തവമായി സ്വതന്ത്രരാകും എന്ന് ഉത്തരം പറഞ്ഞു.

2. നാം അരകെട്ടിരിക്കുന്ന സത്യം വാസ്തവത്തിൽ നാം അനുഭവമാക്കുന്ന ക്രിസ്തുവാണ്; പൗലൊസിന്റെ ജീവിതം ക്രിസ്തുവിന്റെ മാതൃകയോട് അനുരൂപപ്പെട്ടിരുന്നതിനാൽ, എല്ലാ എതിർപ്പുകളും പ്രതികൂല സാഹചര്യങ്ങളും നേരിടാനുള്ള ശക്തി അവനുണ്ടായിരുന്നു—എഫെ. 4:20-21; ഫിലി. 1:19-21.

എഫെ. 4:20 യേശുവിൽ യാഥാർഥ്യം ഉള്ളതുപോലെ നിങ്ങൾ അവനെ കേൾക്കുകയും അവനിൽ ഉപദേശിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ,

എഫെ. 4:21 നിങ്ങൾ ക്രിസ്തുവിനെ ഇങ്ങനെയല്ല പഠിച്ചത്,

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത്

| | |
|---|---|
| | എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു, |
| ഫിലി. 1:20 | എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും. |
| ഫിലി. 1:21 | എനിക്കു ജീവിക്കുന്നത് ക്രിസ്തുവും.... |

D. “നീതിയുടെ മാർകവചം ധരിച്ചും”—എഫെ. 6:14; 1 കൊരി. 1:30; യിരെ. 23:6:

| | |
|---|---|
| 1 കൊരി. 1:30 | എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ, |
| യിരെ. 23:6 | അവന്റെ കാലത്തു യെഹൂദാ രക്ഷിക്കപ്പെടും; യിസ്രായേൽ നിർഭയമായി വസിക്കും; അവന്നു യഹോവ നമ്മുടെ നീതി എന്നു പേർ പറയും എന്നു യഹോവയുടെ അരുളപ്പാടു. |

1. നീതിയുടെ മാർകവചമെന്ന നിലയിൽ ക്രിസ്തു നമ്മുടെ മനസ്സാക്ഷിയെ മറയ്ക്കുന്നു, അത് മാറിനാൽ സൂചിപ്പിക്കപ്പെടുന്നു; നമ്മുടെ കുറ്റാരോപകനായ സാത്താനെതിരെ പോരാടുന്നതിന്, നമുക്ക് രക്തത്താൽ ശുദ്ധീകരിക്കപ്പെട്ട ഒരു മനഃസ്സാക്ഷി, ഒരു കുറ്റമില്ലാത്ത മനഃസാക്ഷി ആവശ്യമാണ്—എബ്രാ. 9:14; 10:22; പ്രവൃ. 24:16.

| | |
|---|---|
| എബ്രാ. 9:14 | നിത്യാത്മാവിലൂടെ നിഷ്കളങ്കനായി തന്നെത്താൻ ദൈവത്തിന് അർപ്പിച്ച ക്രിസ്തുവിന്റെ രക്തം, ജീവനുള്ള ദൈവത്തെ സേവിക്കുവാൻ നമ്മുടെ മനസ്സാക്ഷിയെ നിർജീവ പ്രവൃത്തികളിൽനിന്ന് എത്രയധികം ശുദ്ധീകരിക്കും? |
| എബ്രാ. 10:22 | ദുർമനസ്സാക്ഷിയിൽ നിന്നു നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെട്ടും നിർമല ജലത്താൽ നമ്മുടെ ശരീരങ്ങൾ കഴുകപ്പെട്ടും, വിശ്വാസത്തിന്റെ പൂർണനിശ്ചയത്തിൽ പരമാർഥ ഹൃദയത്തോടെ നമുക്ക് അതിവിശുദ്ധസ്ഥലത്തേക്ക് മുമ്പോട്ട് കടന്നുവരാം. |
| പ്രവൃ. 24:16 | ഇതുനിമിത്തം ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരിക്കുവാൻ ഞാൻ അഭ്യസിക്കുന്നു. |

2. "അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായി ജയിച്ചു" (വെളി. 12:11); സാത്താന്റെ കുറ്റാരോപണങ്ങളോടുള്ള നമ്മുടെ പ്രതികരണം ഇതായിരിക്കണം, “ഞാൻ കുറ്റാരോപകനായ സാത്താനെ ജയിച്ചത് എന്റെ തികവ് നിമിത്തമല്ല, കുറ്റമില്ലാത്ത മനഃസാക്ഷിയാൽ പോലുമല്ല, കുഞ്ഞാടിന്റെ രക്തത്താലാണ്; അവന്റെ കുറ്റാരോപണങ്ങൾക്കെതിരെ ഞാൻ നീതിയുടെ മാർകവചത്താൽ പ്രതിരോധിക്കപ്പെടുന്നു.

E. “സമാധാന സുവിശേഷത്തിന്റെ ഉറച്ച അടിസ്ഥാനം കൊണ്ട് നിങ്ങളുടെ പാദങ്ങൾക്ക് ചെരിപ്പിട്ടും”—എഫെ. 6:15:

1. ക്രിസ്തു നമുക്ക് ദൈവവുമായും മനുഷ്യനുമായും ക്രൂശിൽ സമാധാനം ഉണ്ടാക്കി, ഈ സമാധാനം നമ്മുടെ സുവിശേഷമായിത്തീർന്നു; സമാധാനത്തിന്റെ സുവിശേഷം നമ്മുടെ പാദങ്ങൾക്ക് ചെരിപ്പിടാനുള്ള ഒരുക്കമെന്ന നിലയിൽ ഒരു ഉറച്ച അടിസ്ഥാനമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു—2:13-17.

| | |
|---|---|
| എഫെ. 2:13 | എന്നാൽ ഒരിക്കൽ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തു യേശുവിൽ ക്രിസ്തുവിന്റെ രക്തത്തിൽ സമീപസ്ഥരായിത്തീർന്നു. |
| എഫെ. 2:14 | അവൻ തന്നെ നമ്മുടെ സമാധാനം, അവൻ ഇരുകൂട്ടരെയും ഒന്നാക്കി, ചട്ടങ്ങളിലുള്ള കൽപനകളുടെ ന്യായപ്രമാണത്തെ തന്റെ ജഡത്തിൽ നീക്കിക്കളഞ്ഞുകൊണ്ട്, |
| എഫെ. 2:15 | വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി, |
| എഫെ. 2:16 | ക്രൂശിനാൽ ശത്രുത്വത്തെ ഇല്ലാതാക്കിയിട്ട്, അതിലൂടെ ഇരുകൂട്ടരെയും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിക്കേണ്ടതിനും ആകുന്നു. |
| എഫെ. 2:17 | പിന്നെ വന്നിട്ട്, ദൂരസ്ഥരായിരുന്ന നിങ്ങളോട് സമാധാനവും സമീപസ്ഥരായിരുന്നവരോട് സമാധാനവും സുവിശേഷമായി അവൻ അറിയിച്ചു, |

2. സമാധാനത്തിൽ നിന്നുകൊണ്ട് നാം ആത്മിക യുദ്ധം പോരാടുന്നു; നമുക്കും ദൈവത്തിനും ഇടയിലുള്ള അല്ലെങ്കിൽ നമുക്കും മറ്റ് വിശ്വാസികൾക്കും ഇടയിലുള്ള സമാധാനം നാം നഷ്ടമാക്കിയാൽ, നമുക്ക് പോരാടാനുള്ള നിൽപ്പ് നഷ്ടമാകും—കൊലൊ. 3:15.

| | |
|---|---|
| കൊലൊ. 3:15 | ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കട്ടെ, അതിലേക്കല്ലോ നിങ്ങളെ ഏക ശരീരത്തിൽ വിളിച്ചത്; നന്ദിയുള്ളവരായും ഇരിക്കുവിൻ. |

F. “ഇവയ്ക്കു പുറമേ, ദുഷ്ടന്റെ സകല തീയമ്പുകളെയും കെടുത്തുവാൻ കഴിയുന്ന, വിശ്വാസത്തിന്റെ പരിച എടുത്തും നിൽക്കുവിൻ”—എഫെ. 6:16; 2 കൊരി. 4:13; എബ്രാ. 12:2:

| | |
|---|---|
| 2 കൊരി. 4:13 | “ഞാൻ വിശ്വസിച്ചു അതുകൊണ്ട് ഞാൻ സംസാരിച്ചു,” എന്ന് എഴുതിയിരിക്കുന്നതുപ്രകാരം വിശ്വാസത്തിന്റെ അതേ ആത്മാവ് ഉണ്ടായിട്ട്, ഞങ്ങളും വിശ്വസിക്കുന്നു അതുകൊണ്ട് ഞങ്ങളും സംസാരിക്കുന്നു. |
| എബ്രാ. 12:2 | നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു. |

1. സാത്താന്റെ പ്രലോഭനങ്ങൾ, നിർദ്ദേശങ്ങൾ, സംശയങ്ങൾ, ചോദ്യങ്ങൾ, നുണകൾ, ആക്രമണങ്ങൾ എന്നിവയാണ് തീയമ്പുകൾ; ഈ

തീയമ്പുകളെ കെടുത്തുവാൻ നാം വിശ്വാസത്തിന്റെ പരിച എടുക്കേണ്ടതുണ്ട്.

2. പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കുവാനാണ് കർത്താവ് വെളിവായതെന്ന് വിശ്വസിക്കാൻ നാം നമ്മുടെ കീഴ്പ്പെടുത്തപ്പെട്ടതും ഉയിർപ്പിക്കപ്പെട്ടതുമായ ഇച്ഛയോടുകൂടെ നമ്മുടെ വിശ്വാസത്തിന്റെ ആത്മാവിനെ നാം അഭ്യസിക്കേണ്ടതുണ്ട്—1 യോഹ. 3:8; മത്താ. 16:22-23; ലൂക്കൊ. 4:39-41; മത്താ. 12:28; ലൂക്കൊ. 10:17, 19.

| | |
|---|---|
| 1 യോഹ. 3:8 | പാപം അഭ്യസിക്കുന്നവൻ പിശാചിൽ നിന്നാകുന്നു, എന്തുകൊണ്ടെന്നാൽ പിശാച് ആദിമുതൽ പാപം ചെയ്തിരിക്കുന്നു. പിശാചിന്റെ പ്രവൃത്തികളെ, നശിപ്പിക്കേണ്ടതിനാകുന്നു ദൈവപുത്രൻ വെളിവായത്. |
| മത്താ. 16:22 | പത്രൊസോ അവനെ വേറിട്ടു കൊണ്ടുപോയി, കർത്താവേ, ദൈവം നിന്നോടു കരുണയുള്ളവൻ ആകട്ടെ! ഇത് ഒരുവിധത്തിലും നിനക്കു സംഭവിക്കരുത് എന്നു പറഞ്ഞുകൊണ്ട് അവനെ ശാസിക്കുവാൻ തുടങ്ങി. |
| മത്താ. 16:23 | എന്നാൽ അവൻ തിരിഞ്ഞ് പത്രൊസിനോട്, സാത്താനേ! എന്റെ പിന്നിൽ പോ, നീ എനിക്ക് ഇടർച്ചയാകുന്നു, എന്തെന്നാൽ നീ ദൈവത്തിന്റെ കാര്യങ്ങളിലല്ല, മനുഷ്യരുടെ കാര്യങ്ങളിലത്രേ നിന്റെ മനസ്സ് ഉറപ്പിക്കുന്നത് എന്നു പറഞ്ഞു. |
| ലൂക്കൊ. 4:39 | അവൻ അവളെ കുനിഞ്ഞുനോക്കി, പനിയെ ശാസിച്ചു, അത് അവളെ വിട്ടുപോയി. അവളോ ഉടനെ എഴുന്നേറ്റ് അവരെ സേവിച്ചു. |
| ലൂക്കൊ. 4:40 | പിന്നെ സൂര്യൻ അസ്തമിക്കുമ്പോൾ, പലവിധ രോഗങ്ങളാൽ അസുഖം ഉണ്ടായിരുന്ന എല്ലാവരെയും അവന്റെ അടുക്കൽ കൊണ്ടുവന്നു; അവരിൽ ഓരോരുത്തരുടെയുംമേൽ തന്റെ കൈവച്ച് അവരെ സൗഖ്യമാക്കി. |
| ലൂക്കൊ. 4:41 | അനേകരിൽനിന്ന് ഭൂതങ്ങൾ, നീ ദൈവപുത്രനാകുന്നു! എന്നു നിലവിളിച്ചു പറഞ്ഞുകൊണ്ട് പുറത്തുവന്നു. അവൻ അവയെ ശാസിക്കുകയും അവയെ സംസാരിക്കുവാൻ അനുവദിക്കാതെയുമിരുന്നു, എന്തുകൊണ്ടെന്നാൽ അവൻ ക്രിസ്തു ആകുന്നു എന്ന് അവയ്ക്ക് അറിയാമായിരുന്നു. |
| മത്താ. 12:28 | എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു. |
| ലൂക്കൊ. 10:17 | എഴുപതുപേർ സന്തോഷത്തോടെ, കർത്താവേ, ഭൂതങ്ങൾ പോലും നിന്റെ നാമത്തിൽ ഞങ്ങൾക്കു കീഴ്പ്പെട്ടിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് മടങ്ങിവന്നു. |
| ലൂക്കൊ. 10:19 | ഇതാ, ഞാൻ നിങ്ങൾക്കു പാമ്പുകളുടെയും തേളുകളുടെയുംമേൽ ചവിട്ടുവാനും ശത്രുവിന്റെ സകല ശക്തിയിന്മേലും അധികാരം നൽകിയിരിക്കുന്നു, യാതൊന്നും നിങ്ങൾക്കു ദോഷം വരുത്തുകയില്ല. |

3. കർത്താവിന്റെ മരണം സാത്താനെ നശിപ്പിച്ചുവെന്നു വിശ്വസിക്കാൻ നാം നമ്മുടെ വിശ്വാസത്തിന്റെ ആത്മാവിനെ പ്രയോഗിക്കേണ്ടതുണ്ട്—എബ്രാ. 2:14; ഉല്പ. 2:17; 3:15; ഗലാ. 2:20; റോമ. 6:3-6; 1 കൊരി. 15:54-58.

| | |
|---|---|
| എബ്രാ. 2:14 | ആകയാൽ മക്കൾ ജഡരക്തത്തിൽ പങ്കെടുത്തിരിക്കുന്നതുകൊണ്ട്, താനും അപ്രകാരം അവയിൽ പങ്കുകൊണ്ട്, മരണത്തിന്റെ പ്രഭാവമുള്ളവനെ, അതായത്, പിശാചിനെ മരണത്തിലൂടെ നശിപ്പിച്ച്, |
| ഉല്പ. 2:17 | എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുതു; തിന്നുന്ന നാളിൽ നീ മരിക്കും. |
| ഉല്പ. 3:15 | ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും. |
| ഗലാ. 2:20 | ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു. |
| റോമ. 6:3 | അതോ ക്രിസ്തു യേശുവിലേക്ക് സ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? |
| റോമ. 6:4 | അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ. |
| റോമ. 6:5 | നാം അവനോടുകൂടെ അവന്റെ മരണത്തിന്റെ സാദൃശ്യത്തിൽ ചേർന്നു വളർന്നുവെങ്കിൽ, തീർച്ചയായും നാം അവന്റെ പുനരുത്ഥാനത്തിന്റെ, സാദൃശ്യത്തിലും ആയിരിക്കും, |
| റോമ. 6:6 നാം | ഇനി അടിമകളായി പാപത്തെ സേവിക്കാതിരിക്കുവാൻ, നമ്മുടെ പാപശരീരം അസാധുവാക്കപ്പെടേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അറിഞ്ഞുകൊണ്ട് തന്നെ; |
| 1 കൊരി. 15:54 | എപ്പോൾ ഈ നശ്വരമായത് അനശ്വരമായതിനെ ധരിക്കുകയും ഈ മർത്യമായത് അമർത്യമായതിനെ ധരിക്കുകയും ചെയ്യുമോ, അപ്പോൾ, "ജയത്തിങ്കലേക്ക് മരണം വിഴുങ്ങപ്പെട്ടു" എന്ന് എഴുതിയിരിക്കുന്ന വചനം നിവൃത്തിയാകും. |

1 കൊരി. 15:55 ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ?

1 കൊരി. 15:56 മരണത്തിന്റെ വിഷമുള്ള് പാപം, പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം.

1 കൊരി. 15:57 എന്നാൽ നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം നമുക്ക് ജയം നൽകുന്ന ദൈവത്തിനു സ്തോത്രം.

1 കൊരി. 15:58 അതുകൊണ്ട് എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങളുടെ അധ്വാനം കർത്താവിൽ വ്യർഥമല്ല എന്ന് അറിഞ്ഞുകൊണ്ട്, ഉറപ്പുള്ളവരും, അചഞ്ചലരും, എല്ലായ്പ്പോഴും കർത്താവിന്റെ വേലയിൽ വർധിച്ചുവരുന്നവരും ആയിരിക്കുവിൻ.

4. കർത്താവിന്റെ പുനരുത്ഥാനം സാത്താനെ ലജ്ജിപ്പിച്ചു എന്ന് വിശ്വസിക്കാൻ നാം നമ്മുടെ വിശ്വാസത്തിന്റെ ആത്മാവിനെ പ്രയോഗിക്കേണ്ടതുണ്ട്—കൊലൊ. 2:12-15, 20; 3:1; യോഹ. 14:30; ഫിലി. 3:10; യെശ. 61:10; സെഖ. 3:4-5.

കൊലൊ. 2:12 സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും, അതിൽ അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ദൈവത്തിന്റെ വ്യാപാരത്തിന്റെ വിശ്വാസം മുഖാന്തരം അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തു.

കൊലൊ. 2:13 നിങ്ങളോ, നിങ്ങളുടെ അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമത്തിലും മരിച്ചവരെങ്കിലും, നമ്മുടെ എല്ലാ അതിക്രമങ്ങളും നമ്മോട് ക്ഷമിച്ചശേഷം, അവനോടുകൂടെ അവൻ ജീവിപ്പിച്ചു;

കൊലൊ. 2:14 നമുക്ക് എതിരായിരുന്ന, നമുക്ക് വിരുദ്ധമായിരുന്ന, ചട്ടങ്ങളിലെ കൈയെഴുത്ത് മായ്ച്ചുകളയുകയും, അതിനെ ക്രൂശിൽ തറച്ചിട്ട്, അവൻ വഴിയിൽനിന്ന് നീക്കിക്കളയുകയും ചെയ്തു.

കൊലൊ. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

കൊലൊ. 2:20 നിങ്ങൾ ക്രിസ്തുവിനോടുകൂടെ ലോകത്തിന്റെ ആദ്യപാഠങ്ങളിൽനിന്ന് മരിച്ചു എങ്കിൽ, ലോകത്തിൽ ജീവിക്കുന്നവരെപ്പോലെ:

കൊലൊ. 3:1 ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുവിൻ.

യോഹ. 14:30 ഇനിമേൽ ഞാൻ നിങ്ങളോട് അധികം സംസാരിക്കുകയില്ല, എന്തെന്നാൽ ലോകത്തിന്റെ അധിപൻ വരുന്നു, എന്നിൽ അവന് ഒന്നുമില്ല.

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

| | |
|---|---|
| യെശ. 61:10 | ഞാൻ യഹോവയിൽ ഏറ്റവും ആനന്ദിക്കും; എന്റെ ഉള്ളം എന്റെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും; മണവാളൻ തലപ്പാവു അണിയുന്നതുപോലെയും മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നതുപോലെയും അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ചു നീതി എന്ന അങ്കി ഇടുവിച്ചിരിക്കുന്നു. |
| സെഖ. 3:4 | അവൻ തന്റെ മുമ്പിൽ നില്ക്കുന്നവരോടു: മുഷിഞ്ഞ വസ്ത്രം അവങ്കൽനിന്നു നീക്കിക്കളവിൻ എന്നു കല്പിച്ചു; പിന്നെ അവനോടു: ഞാൻ നിന്റെ അകൃത്യം നിന്നിൽനിന്നു പോക്കിയിരിക്കുന്നു; നിന്നെ ഉത്സവവസ്ത്രം ധരിപ്പിക്കും എന്നു അരുളിച്ചെയ്തു. |
| സെഖ. 3:5 | അവന്റെ തലയിൽ വെടിപ്പുള്ളോരു മുടി വെക്കട്ടെ എന്നു അവൻ കല്പിച്ചു; അങ്ങനെ അവർ അവന്റെ തലയിൽ വെടിപ്പുള്ളോരു മുടി വെച്ചു. അവനെ വസ്ത്രം ധരിപ്പിച്ചു യഹോവയുടെ ദൂതനോ അടുക്കെ നിൽക്കയായിരുന്നു. |

5. കർത്താവിന്റെ സ്വർഗാരോഹണം സാത്താന്റെ ശക്തിക്ക് വളരെ അതീതമാണെന്ന് വിശ്വസിക്കാൻ നാം നമ്മുടെ വിശ്വാസത്തിന്റെ ആത്മാവിനെ പ്രയോഗിക്കേണ്ടതുണ്ട്—എഫെ. 1:19-23; 2:6; 6:11, 13.

| | |
|---|---|
| എഫെ. 1:19 | അവന്റെ ബലത്തിൻ പ്രഭാവത്തിന്റെ വ്യാപാരത്തിനൊത്തവണ്ണം, വിശ്വസിക്കുന്നവരായ നമ്മോടുള്ള അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം എന്തെന്നും നിങ്ങൾ അറിയേണ്ടതിനും തന്നെ, |
| എഫെ. 1:20 | അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്, |
| എഫെ. 1:21 | സകല വാഴ്ച്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ യുഗത്തിൽ മാത്രമല്ല വരുവാനുള്ളതിലും നാമകരണം ചെയ്തിട്ടുള്ള സകല നാമത്തിനും അത്യന്തംമീതെ അവനെ ഇരുത്തുകയും; |
| എഫെ. 1:22 | സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി, |
| എഫെ. 1:23 | എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു. |
| എഫെ. 2:6 | അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു, |
| എഫെ. 6:11 | പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ. |
| എഫെ. 6:13 | അതുകൊണ്ട് ദുഷ്ട നാളിൽ ചെറുത്തുനിൽക്കുവാനും, സകലതും ചെയ്തശേഷം നിങ്ങൾക്കു നിൽക്കുവാനും കഴിയേണ്ടതിന്, ദൈവത്തിന്റെ സർവായുധവർഗം എടുക്കുവിൻ. |

6. നമുക്ക് യഥാർഥവാനും ജീവനുള്ളവനും സന്നിഹിതനും ലഭ്യനുമായ ദൈവത്തിൽ വിശ്വാസമുണ്ടായിരിക്കണം—മർക്കൊ. 11:22; വെളി. 1:18.

| | |
|---|---|
| മർക്കൊ. 11:22 | യേശു അവർക്ക് ഉത്തരം നൽകി, ദൈവത്തിൽ വിശ്വാസം ഉള്ളവരാകുവിൻ. |
| വെളി. 1:18 | ജീവനുള്ളവനും ആകുന്നു; ഞാൻ മരിച്ചവനായിത്തീർന്നു, ഇതാ എന്നെന്നേക്കും ജീവിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ എന്റെ കൈവശമുണ്ട്. |

7. ദൈവത്തിന്റെ ഹൃദയത്തിൽ നമുക്ക് വിശ്വാസമുണ്ടായിരിക്കണം; നമ്മോടുള്ള ദൈവത്തിന്റെ ഹൃദയം എപ്പോഴും നല്ലതാണ്; നമ്മെ ശിക്ഷിക്കുവാനോ, മുറിവേൽപ്പിക്കുവാനോ, നമുക്ക് നഷ്ടം വരുത്തുവാനോ അവന് ഉദ്ദേശ്യമില്ല—റോമ. 8:28-39.

| | |
|---|---|
| റോമ. 8:28 | ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു. |
| റോമ. 8:29 | എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു; |
| റോമ. 8:30 | അവൻ മുൻനിയമിച്ചവരെ, അവൻ വിളിക്കുകയും; അവൻ വിളിച്ചവരെ, അവൻ നീതീകരിക്കുകയും; അവൻ നീതീകരിച്ചവരെ, അവൻ തേജസ്കരിക്കുകയും ചെയ്തു. |
| റോമ. 8:31 | അപ്പോൾ ഈ കാര്യങ്ങളോട് നാം എന്ത് പറയേണം? ദൈവം നമുക്ക് അനുകൂലം എങ്കിൽ, നമുക്കു പ്രതികൂലം ആർ? |
| റോമ. 8:32 | തീർച്ചയായും, തന്റെ സ്വന്ത പുത്രനെ അവശേഷിപ്പിക്കാതെ, നമുക്കെല്ലാവർക്കും വേണ്ടി അവനെ ഏൽപ്പിച്ചുതന്നവൻ, അവനോടുകൂടെ സകലവും നമുക്ക് സൗജന്യമായി എങ്ങനെ നൽകാതിരിക്കും? |
| റോമ. 8:33 | ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് എതിരെ ആർ ആരോപണം ഉന്നയിക്കും? ദൈവമാകുന്നു നീതീകരിക്കുന്നവൻ. |
| റോമ. 8:34 | കുറ്റംവിധിക്കുന്നവൻ ആർ? ക്രിസ്തു യേശു അത്രേ മരിച്ചവൻ, അതിലുപരി, ഉയിർപ്പിക്കപ്പെട്ടവനും, ദൈവത്തിന്റെ വലത്തുഭാഗത്ത് ഉള്ളവനും, നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവനും. |
| റോമ. 8:35 | ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ ആർ വേർപെടുത്തും? കഷ്ടതയോ പീഡയോ ഉപദ്രവമോ ക്ഷാമമോ നഗ്നതയോ ആപത്തോ വാളോ? |
| റോമ. 8:36 | "നിന്റെ നിമിത്തം ദിവസം മുഴുവനും ഞങ്ങളെ മരണത്തിന് ഏൽപ്പിക്കുന്നു; അറുക്കുവാനുള്ള ആടുകളായി ഞങ്ങളെ കണക്കാക്കിയിരിക്കുന്നു" എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ. |
| റോമ. 8:37 | എന്നാൽ നമ്മെ സ്നേഹിച്ചവനിലൂടെ ഈ സകല കാര്യങ്ങളിലും നാം അത്യധികം ജയം നേടുന്നു. |

| | |
|---|---|
| റോമ. 8:38 | മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ച്ചകൾക്കോ ഇപ്പോഴുള്ള കാര്യങ്ങൾക്കോ വരുവാനുള്ള കാര്യങ്ങൾക്കോ ശക്തികൾക്കോ |
| റോമ. 8:39 | ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും ജീവിക്കോ, നമ്മുടെ കർത്താവായ ക്രിസ്തു യേശുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്തുവാൻ സാധിക്കുകയില്ല എന്ന് എനിക്ക് ബോധ്യമായിരിക്കുന്നു. |

8. ദൈവത്തിന്റെ വിശ്വസ്തതയിൽ നമുക്ക് വിശ്വാസമുണ്ടായിരിക്കണം; ദൈവത്തിന് നുണ പറയാൻ കഴിയില്ല, അവൻ തന്റെ വചനത്തോട് എപ്പോഴും വിശ്വസ്തനാണ്—1 കൊരി. 1:9; 1 യോഹ. 1:9; തീത്തൊ. 1:2.

| | |
|---|---|
| 1 കൊരി. 1:9 | തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ. |
| 1 യോഹ. 1:9 | നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു. |
| തീത്തൊ. 1:2 | യുഗങ്ങളുടെ കാലങ്ങൾക്കു മുമ്പേ വാഗ്ദാനം ചെയ്ത നിത്യജീവന്റെ പ്രത്യാശയിൽ, |

9. ദൈവത്തിന്റെ കഴിവിൽ നമുക്ക് വിശ്വാസമുണ്ടായിരിക്കണം—എഫെ. 3:20.

| | |
|---|---|
| എഫെ. 3:20 | എന്നാൽ നാം ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്ന സകലത്തിനും ഉപരി അതിസമൃദ്ധമായി നമ്മിൽ വ്യാപരിക്കുന്ന ശക്തിക്കൊത്തവണ്ണം ചെയ്യുവാൻ, കഴിയുന്നവന്, |

10. ദൈവവചനത്തിൽ നമുക്ക് വിശ്വാസമുണ്ടായിരിക്കണം; താൻ പറഞ്ഞതെല്ലാം നിറവേറ്റാൻ ദൈവം ബാധ്യസ്ഥനാണ്—പ്ര.നി. 1 തെസ്സ. 5:24; എഫെ. 6:17-18.

| | |
|---|---|
| 1 തെസ്സ. 5:24 | നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാകുന്നു, അവൻ അത് ചെയ്യും. |
| എഫെ. 6:17 | രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു, |
| എഫെ. 6:18 | സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും, |

11. ദൈവഹിതത്തിൽ നമുക്ക് വിശ്വാസമുണ്ടായിരിക്കണം—1:5, 9, 11.

| | |
|---|---|
| എഫെ. 1:5 | യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു, |
| എഫെ. 1:9 | അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു, |
| എഫെ. 1:11 | തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും |

പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,

12. ദൈവത്തിന്റെ സർവാധികാരത്തിൽ നമുക്ക് വിശ്വാസമുണ്ടായിരിക്കണം; അവന്റെ സർവാധികാരത്തിൻ കീഴിൽ നമ്മുടെ തെറ്റുകൾ പോലും നന്മയ്ക്കായി പ്രവർത്തിക്കുന്നു—റോമ. 9:19-29.

| | |
|---|---|
| റോമ. 9:19 | അപ്പോൾ നീ എന്നോട്, അവൻ പിന്നെയും കുറ്റം കണ്ടുപിടിക്കുന്നത് എന്ത്? അവന്റെ ഹിതത്തെ ആർ ചെറുത്തുനിൽക്കുന്നു? എന്ന് ചോദിക്കും. |
| റോമ. 9:20 | ഹേ മനുഷ്യാ, ദൈവത്തോട് പ്രത്യുത്തരം പറയുന്ന നീ ആർ? മനഞ്ഞിരിക്കുന്നത് മനഞ്ഞവനോട്, നീ എന്നെ ഇങ്ങനെ ഉണ്ടാക്കിയത് എന്ത് എന്ന് ചോദിക്കുമോ? |
| റോമ. 9:21 | അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ? |
| റോമ. 9:22 | ദൈവമോ, തന്റെ ക്രോധം പ്രകടിപ്പിക്കുവാനും തന്റെ ശക്തി അറിയിക്കുവാനും ഇച്ഛിച്ചുകൊണ്ട്, നാശത്തിന് യുക്തമായ ക്രോധപാത്രങ്ങളെ അധികം ദീർഘക്ഷമയോടെ സഹിച്ച്, |
| റോമ. 9:23 | തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്, |
| റോമ. 9:24 | യെഹൂദന്മാരുടെ ഇടയിൽനിന്ന് മാത്രമല്ല ജാതികളുടെ ഇടയിൽനിന്ന് നമ്മെയും അവൻ വിളിച്ചെങ്കിൽ എന്ത്? |
| റോമ. 9:25 | ഹോശേയയിലും അവൻ പറയുന്നതുപോലെ, “എന്റെ ജനമല്ലാത്തവരെ എന്റെ ജനമെന്നും പ്രിയയല്ലാത്തവളെ പ്രിയയെന്നും ഞാൻ വിളിക്കും; |
| റോമ. 9:26 | നിങ്ങൾ എന്റെ ജനമല്ല എന്ന് അവരോട് പറഞ്ഞ ഇടത്തിൽ, അവിടെ അവർ ജീവനുള്ള ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും.” |
| റോമ. 9:27 | യെശയ്യാവും യിസ്രായേലിനെ സംബന്ധിച്ച് വിളിച്ചുപറയുന്നത്, “യിസ്രായേൽ പുത്രന്മാരുടെ സംഖ്യ കടലിലെ മണൽ പോലെ ആയിരുന്നാലും, ശേഷിപ്പേ രക്ഷിക്കപ്പെടുകയുള്ളൂ; |
| റോമ. 9:28 | എന്തെന്നാൽ കർത്താവ് തന്റെ വചനത്തെ, നിറവേറ്റിക്കൊണ്ടും അതിനെ വെട്ടിച്ചുരുക്കിക്കൊണ്ടും ഭൂമിയിന്മേൽ നടപ്പിലാക്കും.” |
| റോമ. 9:29 | യെശയ്യാവ് മുമ്പ് പറഞ്ഞതുപോലെ, “സൈന്യങ്ങളുടെ കർത്താവ് നമുക്ക് സന്തതിയെ ശേഷിപ്പിച്ചില്ലായിരുന്നുവെങ്കിൽ നമ്മൾ സൊദോമിനെപ്പോലെ ആയിത്തീരുകയും ഗൊമോറായ്ക്ക് സദൃശമാകുകയും ചെയ്യുമായിരുന്നു.” |

G. “രക്ഷയുടെ ശിരസ്ത്രവും കൈക്കൊള്ളുവിൻ”—എഫെ. 6:17:

1. രക്ഷയുടെ ശിരസ്ത്രം ദുഷ്ടൻ എയ്യുന്ന പ്രതിലോമപരമായ ചിന്തകൾക്കെതിരെ നമ്മുടെ മനസ്സിനെയും ചിന്താഗതിയെയും മറയ്ക്കുന്നതിനുവേണ്ടിയാണ്; അങ്ങനെയുള്ള ഒരു ശിരസ്ത്രം, അങ്ങനെയുള്ള ഒരു ആവരണം ദൈവത്തിന്റെ രക്ഷയാണ്.
2. സാത്താൻ നമ്മുടെ മനസ്സിലേക്ക് ഭീഷണികൾ, ഉത്കണ്ഠകൾ, ആകുലതകൾ, ഭയം, മറ്റ് ദുർബലപ്പെടുത്തുന്ന ചിന്തകൾ എന്നിവ കുത്തിവയ്ക്കുന്നു; ഇവയ്ക്കെല്ലാം എതിരെ നാം എടുക്കുന്ന ആവരണമാണ് ദൈവത്തിന്റെ രക്ഷ, ഈ രക്ഷ നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം അനുഭവമാക്കുന്ന രക്ഷക്കുന്ന ക്രിസ്തുവാണ്—യോഹ. 16:33; ഫിലി. 1:19; റോമ. 5:10; 10:12-13.

| | |
|---|---|
| യോഹ. 16:33 | നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടായിരിക്കേണ്ടതിന് ഈ കാര്യങ്ങൾ ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്ക് ക്ലേശം ഉണ്ട്, എന്നാൽ ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. |
| ഫിലി. 1:19 | നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു, |
| റോമ. 5:10 | ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും, |
| റോമ. 10:12 | യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു; |
| റോമ. 10:13 | "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും." |

H. "ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു"—എഫെ. 6:17:
1. ദൈവത്തിന്റെ ആയുധവർഗത്തിന്റെ ആറ് വസ്തുക്കളിൽ, ആത്മാവിന്റെ വാൾ മാത്രമാണ് ശത്രുവിനെ ആക്രമിക്കാൻ വേണ്ടിയുള്ളത്; വാളുകൊണ്ട് നാം ശത്രുവിനെ കഷണങ്ങളായി നുറുക്കുന്നു.
2. ശത്രുവിനെ പരാജയപ്പെടുത്താനും കൊല്ലാനുമുള്ള അക്രമിക്കുന്ന ആയുധമെന്ന നിലയിൽ ആത്മാവും വചനവുമായ ക്രിസ്തു വാൾ നൽകി നമ്മെ സജ്ജീകരിക്കുന്നു.
3. ലോഗോസ് (ബൈബിളിലെ സ്ഥിരവചനം) നമുക്ക് റീമ (ആത്മാവിന്റെ ഇപ്പോഴത്തെ, തൽക്ഷ, ജീവനുള്ള സംസാരം) ആയിത്തീരുമ്പോൾ, ഈ റീമ ശത്രുവിനെ കഷ്ണങ്ങളായി നുറുക്കുന്ന വാളാണ്—പ്ര.നി. യോഹ. 6:63.

| | |
|---|---|
| യോഹ. 6:63 | ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു |

സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

I. “സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും”—എഫെ. 6:18:
   1. പ്രാർഥനയെ ദൈവത്തിന്റെ കവചത്തിന്റെ ഏഴാമത്തെ കാര്യമായി കണക്കാക്കാം, കാരണം നാം മറ്റ് കാര്യങ്ങളെ പ്രയോഗിക്കുന്നതിനുള്ള മുഖാന്തരമാണിത്.
   2. ക്രിസ്തുവിനെ ദൈവത്തിന്റെ ആയുധവർഗമായി പ്രയോഗിക്കാനുള്ള നിസ്തുല മാർഗമാണ് പ്രാർഥന; പ്രാർഥനയാണ് പ്രായോഗികമായ രീതിയിൽ നമുക്ക് ആയുധവർഗം ലഭ്യമാക്കുന്നത്.